പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

06.01.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .*13

## പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ.എം. ഷാജി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക - സാമ്പത്തിക സ്ഥിതി പഠിക്കുന്നതിനും, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദ വിവരം നല്കാമോ ; | (എ) | മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ജീവിതരീതി പഠിക്കുന്നതിനായി 2013 ൽ ഒരു സാമ്പിൾ സർവ്വേ നടത്തുകയുണ്ടായി. ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും റാൻഡം രീതിയിൽ തെരഞ്ഞെടുത്ത പതിനായിരം മത്സ്യത്തൊഴിലാളികളിൽ നിന്നും വിവര ശേഖരണം നടത്തിക്കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പരമ്പരാഗത മത്സ്യബന്ധന മേഖലയ്ക്ക് ഹാനികരമായ വിധത്തിലുള്ള ട്രോളിംഗ് നിയന്ത്രിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി നിലവിലുള്ള കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് 4 ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് ജൂൺ 15 ാം തീയതി മുതൽ ജൂലൈ 31 വരെ (47 ദിവസം) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനും ജീവനോപാധി സംരക്ഷിക്കുന്നതിനുമായി 2007 ലെ കേരള വർഷ കാല സമുദ്രോപരിതലം മത്സ്യബന്ധന സംരക്ഷണ ആക്റ്റ് (കേരള മൺസൂൺ ഫിഷറീസ് പെലാജിക് പ്രൊട്ടക്ഷൻ ആക്റ്റ് 2007) നിലവിൽ വന്നിട്ടുണ്ട്. 18.2.1986 ലെ(അച്ചടി) |

| | | | |
|---|---|---|---|
| | | | [illegible] 21/86/മളുവ നമ്പർ ഉത്തരവ് പ്രകാരം ചെറു മത്സ്യങ്ങളെ കടലിൽ നിന്ന് പിടിച്ച് നശിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ട്രോളിംഗിന് ഉപയോഗിക്കുന്ന വലകളുടെ കണ്ണി വലിപ്പം 35 മില്ലീമീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ചിട്ടുള്ളതുൾപ്പെടെയുള്ള അനധികൃത മത്സ്യബന്ധനം തടയുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 5 ഫിഷറീസ് സ്റ്റേഷനുകളും മുഖേന നിയമലംഘനം നടത്തുന്ന യാനങ്ങളെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളനുസരിച്ച് ഇംപൗണ്ടിംങ് നടത്തി 5,000 മുതൽ 50,000 രൂപ വരെ പിഴ ഈടാക്കുകയും ചെയ്തുവരുന്നു. കൂടാതെ നിയമലംഘനം ആവർത്തിക്കപ്പെടുന്ന കേസുകളിൽ മത്സ്യബന്ധന യാനങ്ങളും മത്സ്യവും കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | ഇവർക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; വിശദമാക്കാമോ? | (സി) | ഫിഷറീസ്, മത്സ്യഫെഡ്, സിവിൽ സപ്ലൈസ് വകുപ്പുകൾ സംയുക്തമായി നടത്തുന്ന മത്സ്യബന്ധന യാനങ്ങളുടെ പരിശോധനക്ക് ശേഷം യോഗ്യതയുള്ള എഞ്ചിനുകൾക്കാണ് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ച് നൽകുന്നത്. പൊതു വിതരണ സമ്പ്രദായത്തിലൂടെ റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സബ്സിഡി മണ്ണെണ്ണയിൽ നിന്നുള്ള ഒരു വിഹിതമാണ് ഇവർക്കായി നൽകുന്നത്. പരമാവധി 2525 കിലോ ലിറ്റർ വരെ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകി വരുന്നു. മണ്ണെണ്ണ |
| | | | പെർമിറ്റ് അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.<br>1. എഞ്ചിനുകളുടെ പരമാവധി കാലപ്പഴക്കം 15 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.<br>2. ഒരു വ്യക്തിക്ക് പരമാവധി രണ്ട് എഞ്ചിനുകൾക്ക് മാത്രമേ പെർമിറ്റ് നൽകുവാൻ പാടുള്ളൂ. |

| | | | |
|---|---|---|---|
| | | | ഒന്നിൽ കൂടുതൽ വള്ളങ്ങൾ ഉണ്ടെങ്കിൽ പരമാവധി നാല് എഞ്ചിനുകൾക്ക് വരെ പെർമിറ്റ് അനുവദിക്കാവുന്നതാണ്.<br>4. ഇൻബോർഡ് എഞ്ചിൻ ഉടമകൾക്ക് രണ്ട് ക്യാരിയർ വള്ളങ്ങളുണ്ടെങ്കിൽ ഒന്നിൽ രണ്ട് എന്ന ക്രമത്തിൽ പരമാവധി 4 എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിക്കാവുന്നതാണ്.<br>5. മലബാർ മേഖലയുടെ പ്രത്യേകത കണക്കിലെടുത്ത് 40 എച്ച്.പിയുടെ എഞ്ചിനുകൾക്ക് കൂടി പെർമിറ്റ് നൽകുവാൻ അനുവദിച്ചിട്ടുണ്ട്.<br>ടി മാനദണ്ഡങ്ങൾ പരിശോധിച്ച് അർഹമായ എഞ്ചിനുകൾക്ക് താഴെ പറയുന്ന നിരക്കിൽ മണ്ണെണ്ണ അനുവദിക്കുന്നു.<br><br>10 എച്ച്.പി വരെ<br>-129 ലിറ്റർ പ്രതിമാസം<br>10 എച്ച്.പിക്കും15 എച്ച്.പിക്കും<br>ഇടയിൽ - 136 ലിറ്റർ<br>15 എച്ച്.പിക്കു മുകളിൽ<br>- 180 ലിറ്റർ |

(signature)

സെക്ഷൻ ഓഫീസർ

സാമ്പത്തികം

1. **മത്സ്യത്തൊഴിലാളി സമ്പൂർണ്ണഭവന പദ്ധതി**

സംസ്ഥാനത്തെ വാസയോഗ്യമായ ഭവനങ്ങളില്ലാത്ത 18000-ഓളം മത്സ്യത്തൊഴിലാളികുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ ഏജൻസികളുടെ സഹായത്തോടെ മത്സ്യ ത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. 13-ാം ധനകാര്യ കമ്മീഷനിൽ 135 കോടി രൂപ ഉപയോഗിച്ച് 4973 മത്സ്യത്തൊഴിലാളി ഭവനങ്ങളും, മത്സ്യത്തൊഴിലാളി ഫ്ളാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എൻ.എഫ്.ഡബ്ല്യു.എഫ് ധനസഹായത്തോടുകൂടി 800 വീടുകൾക്ക് വീടൊന്നിന് 2 ലക്ഷം രൂപ ക്രമത്തിൽ 12 കോടി രൂപ ക്രമത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ഹഡ്കോയുടെ ലോൺ ഉപയോഗപ്പെടുത്തി 6000 വീടുകൾ വരും വർഷങ്ങളിൽ അനുവദിക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്വീകരിച്ചിട്ടുണ്ട്.

2. **മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റ പണി നടത്തി വാസയോഗ്യമാക്കുന്നതിനുള്ള പദ്ധതി**

മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കുന്ന തിനുള്ള പുതിയ പദ്ധതി ഈ വർഷം മുതൽ തുടങ്ങുന്നു. വീടൊന്നിന് പരമാവധി 50,000 രൂപ വരെ നൽകിക്കൊണ്ട് ഈ വർഷം 2000-ൽ പരം വീടുകൾ റിപ്പയർചെയ്യുന്നു ഇതിനായി 5 കോടി രൂപ വീതം മാതൃകാ മത്സ്യ ഗ്രാമ പദ്ധതിയിലും സംയോജിത തീരദേശ വികസന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**3. സമ്പൂർണ്ണ ശുചിത്വതീരം**

തീരദേശത്തിന്റെ ശുചിത്വം ഉറപ്പ് വരുത്താനും, മാലിന്യവിമുക്തമാക്കു ന്നതിനുമായി എല്ലാ മത്സ്യത്തൊഴിലാളി ഭവനങ്ങൾക്കും ടോയ്‌ലറ്റ് നൽകുന്ന പദ്ധതിനടപ്പിലാക്കുന്നു. സംയോജിത തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2500 ടോയ്‌ലറ്റുകൾക്ക് 5 കോടി രൂപയും 13 -ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടു കൂടി 2762 ടോയ്‌ലറ്റുകൾക്ക് 4.83 കോടി രൂപയും വിനിയോഗിക്കുന്നു.

## 4. സംയോജിത മത്സ്യഗ്രാമവികസനം

സംസ്ഥാനത്തെ തീരദേശ വികസനത്തിന് അനിവാര്യ ഘടകങ്ങളായ കുടിവെള്ളം, ഇലക്ട്രിഫിക്കേഷൻ, സാനിട്ടേഷൻ, ലൈബ്രറിപുനരുദ്ധാരണം, ജീവനോപാധി, എന്നീ പദ്ധതികൾ ഉൾപ്പെടുത്തി മത്സ്യബന്ധനഗ്രാമങ്ങളുടെ സമഗ്രവികസനത്തിനായി സമഗ്രതീരദേശ പദ്ധതി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്നു. നടപ്പു സാമ്പത്തിക വർഷം 20 ഗ്രാമങ്ങൾക്ക് 40 കോടി രൂപ വിനിയോഗി ക്കുന്നു. കൂടാതെ ആശുപത്രി നവീകരണം, റോഡ് നിർമ്മാണം, ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം, ഫിഷറീസ് സ്കൂളുകളുടെ നവീകരണം ഡ്രെയിനേജ് നിർമ്മാണം തുടങ്ങിയവക്ക് ഗ്രാമീണ വികസനപദ്ധതിയിൽ പ്പെടുത്തി 50 കോടി ചിലവഴിക്കുന്നു.

## 5. സംസ്ഥാന ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ നവീകരണം

സംസ്ഥാനത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പ്രവർത്തനനിലവാരം ഉയർത്തുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 25 കോടി രൂപ വിനിയോഗിക്കുന്നു. ഈ സ്കൂളുകളിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെസ് അലവൻസ് അനുവദിക്കുന്നതിന് 150 ലക്ഷം രൂപ ചെലവഴിക്കുന്നു.

## 6. മത്സ്യബന്ധനത്തിന് ഡീസൽ എഞ്ചിനുകൾ

മണ്ണെണ്ണയെ ആശ്രയിച്ച് പ്രവർത്തിക്കുന്ന മത്സ്യബന്ധന വള്ളങ്ങളുടെ പ്രവർത്തനച്ചിലവ് കുറച്ച് മത്സ്യബന്ധനം സുഗമമാക്കുന്നതിനായി പുതുതായി രൂപകൽപന ചെയ്തിട്ടുള്ള ചെറിയ കുതിരശക്തിയുള്ള ഡീസൽ എഞ്ചിനുകൾ പ്രചരിപ്പിക്കുന്നതിനായി 100 ലക്ഷം രൂപ വിനിയോഗിക്കുന്നു.

## 7. മത്സ്യസുരക്ഷ

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നിലവിൽ മത്സ്യസുരക്ഷ പദ്ധതി പ്രകാരം ഇൻഷുറൻസ് സഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത ആനുകൂല്യം യന്ത്രവൽകൃത ഇൻബോർഡ് വള്ളങ്ങൾക്കും അനുവദിക്കുന്നതിന് ടി ബോട്ടുകൾ പ്രസ്തുത ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ എല്ലാ യാനങ്ങൾക്കും ഇൻഷുറൻസ് കവറേജ് എന്ന ക്യാംപയിൻ ആരംഭിക്കുന്നതിനും, ടി.പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി 2,25,13,944 രൂപയുടെ ചെലവ് നിർവ്വഹിക്കും.

8. <u>ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് ക്ലെയിം.</u>

സമൂഹത്തിലെ താഴെത്തട്ടിലുള്ള മത്സ്യത്തൊഴിലാളികൾക്ക് മരണം/അവശത, സംഭവിക്കുമ്പോൾ അവരുടെ കുടുംബത്തിന് ഒരു പരിധിവരെ സുരക്ഷ നൽകുക എന്ന ബാധ്യത നിറവേറ്റുന്നതിനായാണ് സർക്കാർ അവർക്കായി പ്രത്യേക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രൂപ്പ് ഇൻഷുറൻസ് നഷ്ടപരിഹാര പരിധി മൂന്ന് ലക്ഷത്തിൽ നിന്നും 5 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. ഈ ആനുകൂല്യം 17.12.13 മുതൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാണ്.

ഈ പദ്ധതി മത്സ്യത്തൊഴിലാളികൾക്ക് ആയി നടപ്പിലാക്കുന്നതിന് 3,64,24,000 രൂപയും അനുബന്ധത്തൊഴിലാളികൾക്ക് നടപ്പിലാക്കുന്നതിനും 1,18,59,000 രൂപയും ഈ വർഷം ചെലവഴിച്ചിട്ടുണ്ട്.

<u>9. സമ്പാദ്യ സമാശ്വാസ പദ്ധതി</u>

കടലോര/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസ കാലയളവിൽ (ഏപ്രിൽ മുതൽ ജൂൺ വരെ) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 600 ഗുണഭോക്തൃ വിഹിതവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതവും ഉൾപ്പെടെ 20.41 കോടി രൂപ നൽകി വരുന്നു.

<u>10. വിദ്യാഭ്യാസ ആനുകൂല്യം</u>

1984 മുതൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രീമെട്രിക് മുതൽ പോസ്റ്റ് മെട്രിക് വരെയുള്ള കോഴ്സുകൾ പഠിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ~~മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ~~ ഫിഷറീസ് വകുപ്പിലും നൽകി വരുന്നുണ്ട്. ഇതിനായി നടപ്പു വർഷം ഇതുവരെ 8 കോടി രൂപ ചെലവഴിച്ചു.

<u>11. തീരമൈത്രി പദ്ധതി</u>

മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ മേഖലയിലും, സ്വയം തൊഴിൽ സംരംഭം കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നു. ഇതിനായി 5 കോടി രൂപ ചെലവഴിക്കുന്നു.

12. മത്സ്യത്തൊഴിലാളികൾക്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതികൾ

സംയോജിത മത്സ്യബന്ധന വികസന പദ്ധതിയിൽപ്പെടുത്തി എൻ.സി. ഡി.സി ധനസ്സഹായത്തോടെ മത്സ്യഫെഡിൽ അംഗങ്ങൾ ആയ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യബന്ധന ഉപാധികൾ, വാങ്ങൽ, മത്സ്യ വിപണന സൗകര്യങ്ങൾ വിപുലമാക്കൽ എന്നിവക്കാവശ്യമായ വായപ സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന് 5,000 രൂപ ക്രമത്തിൽ നൽകുന്നതിന് കമ്മ്യൂണിറ്റി ക്യാപിറ്റൽ ഓഫ് ഇൻസ്റ്റിറ്റ്യൂഷണൽ ക്രഡിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് വിവിധ തൊഴിൽ പദ്ധതികൾക്ക് ദേശീയ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും ദേശീയ ന്യൂനപക്ഷ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നുണ്ട്.

വാണിജ്യ ബാങ്കുകളിൽ നിന്നും പരമ്പരാഗത മത്സ്യ മേഖലക്ക് വായപകൾ ലഭ്യമാക്കുമ്പോൾ, ബാങ്കു വായ്പയുടെ Back end subsidy നൽകുന്നതിനായുള്ള ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

13. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

കട ബാദ്ധ്യത മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും മത്സ്യത്തൊഴിലാളികൾ 2007 ഡിസംബർ 31 -ാം തീയതി വരെ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും ഭവന നിർമ്മാണം/ റിപ്പയറിംഗും, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സാ ചെലവ്, പെൺ മക്കളുടെ വിവാഹ ആവശ്യം എന്നിവക്കായി സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽമേൽ കടാശ്വാസം അനുവദിക്കുന്നതിനായി കടാശ്വാസ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, മത്സ്യഫെഡ്, 1969 -ലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നു.

---

Jeyaram
ജെയറാം ദാസ്